"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തലസ്ഥാന നഗര വികസന പദ്ധതി - നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 111/2007 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.703/2026/LSGD** **തീയതി, തിരുവനന്തപുരം, 12-03-2026**

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/11/2025 തീയതിയിലെ എ3/1418/2007/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 26/2026/തസ്വഭവ, തീയതി, 03/01/2026.
3. ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2025-2026- ഉപധനാഭ്യർത്ഥന - ഡിമാന്റ് നം.XXII - നഗരവികസനം - ക്രമ നം. (സി).

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 941 & 941/2 എന്നിവയിൽ ഉൾപ്പെട്ടല 0.73 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 111/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,89,546/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 111/2007 നമ്പർ കേസിലെ ബാലൻസ് തുകയായ 5,89,546/- രൂപ ടി കേസിലെ കക്ഷികളായ ശ്രീ. രംഗനാഥൻ & ശേഷാചലം, ശ്രീ. മുഹമ്മദ് മാഹീൻ എന്നിവർക്ക് '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

3) പരാമർശം (2) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എൽ.എ.ആർ. 111/2007 നമ്പർ കേസിലെയും തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുത്തതുമായ മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിനായി പരാമർശം (3) ഉപധനാഭ്യർത്ഥന പ്രകാരം 2,80,05,000/- രൂപ '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതിയുടെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 941 & 941/2-ൽപ്പെട്ട 0.73 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ 111/2007 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ **5,89,546/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി നാല്പത്തിയാറ് രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീ. രംഗനാഥൻ & ശേഷാചലം, ശ്രീ. മുഹമ്മദ് മാഹീൻ എന്നിവർക്ക് അനുവദിക്കുന്നതിനായി **'4217-60-800-93 Payment of compensation in LAR Cases (Plan - Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പിൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD3/15/2026/Fin dated 24/02/2026)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/168/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 12-03-2026 12:31:41
സെക്ഷൻ ഓഫീസർ